# വിശക്കുന്നവരെ പരിഗണിക്കൂ.

بسم الله الرحمن الرحيم

- അല്ലാഹുവിന്റെ ഉൾകൃഷ്ട നാമങ്ങളിൽ പെട്ടതാണ് الرَّزَّاقُ

إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ ﴿الذاريات: ٥٨﴾

- ഭക്ഷണം അല്ലാഹുവിന്റെ അനുഗ്രഹമാണ്.
- വിശന്നിരുന്ന സന്ദർഭത്തിൽ ഭക്ഷണം ലഭിച്ചപ്പോൾ നബി (സ്വ) കൂടെയുള്ളവരോട് പറഞ്ഞത് ഈ അനുഗ്രഹത്തെക്കുറിച്ച് അല്ലാഹു ചോദിക്കും എന്നാണ്.

❖ **ലോകത്ത് ധാരാളം ആളുകൾ പട്ടിണി കിടക്കുന്നവരാണ്.**

- ലോകത്ത് ഏറ്റവും ഗുരുതരമായ പട്ടിണിയുള്ള രാജ്യങ്ങളുടെ വിഭാഗത്തിലാണ് ഇന്ത്യ യെന്ന് കണക്കുകൾ പറയുന്നു
- ഇന്ത്യയിലെ പതിനാലു ശതമാനം പേർക്കും പോഷകാഹാരം ലഭിക്കുന്നില്ല.
- നമ്മുടെ സംസ്ഥാനത്തും പട്ടിണി മരണങ്ങളും പട്ടിണി കാരണമുള്ള ആത്മഹത്യകളും പല സന്ദർഭങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

❖ **ഭക്ഷണം മറ്റുള്ളവർക്കും നൽകാൻ പഠിപ്പിച്ച മതമാണ് ഇസ്ലാം.**

- അല്ലാഹു നൽകിയ ഭക്ഷണം താൻ ആവശ്യക്കാരൻ ആയിരിക്കെ മറ്റുള്ളവർക്ക് കൂടി നൽകുന്നതിനെക്കുറിച്ച് അല്ലാഹു പറഞ്ഞത്:

وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِ مِسْكِينًا وَيَتِيمًا وَأَسِيرًا ﴿الإنسان: ٨﴾

- നമ്മുടെ കൈവശമുള്ളത് അൽപം പ്രയാസപ്പെട്ടാലും ആവശ്യക്കാർക്ക് കൂടി നൽകുവാൻ നമ്മുടെ മതം പഠിപ്പിക്കുന്നു .

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ-: أَنَّ رَسُولَ اللَّهِ -صَلَّى اللَّهُ عَلَيْهِ وَسَلَّمَ- قَالَ: قَالَ اللَّهُ: أَنْفِقْ يَا ابْنَ آدَمَ، أُنْفِقْ عَلَيْكَ»

അബൂ ഹുറൈറ (റ) നിവേദനം: നബി -ﷺ- പറഞ്ഞു: അല്ലാഹു പറഞ്ഞു: "ഹേ ആദമിന്റെ മകനേ! നീ ചിലവഴിക്കുക; ഞാൻ നിനക്ക് മേൽ ദാനം ചെയ്യാം."

**നബി (സ്വ) അബൂദറിനോട് പറഞ്ഞത്.**

عَنْ عَبْدِ اللهِ بْنِ الصّامِتِ، عَنْ أَبِي ذَرٍّ، قالَ: قالَ رَسُولُ اللهِ ﷺ:يا أَبا ذَرٍّ، إذا طَبَخْتَ مَرَقَةً فَأَكْثِرْ ماءَها، وتَعاهَدْ جِيرانَكَ (مسلم)

നബി (സ്വ) പറഞ്ഞു: അബൂദറേ, നീ കറി വെക്കുമ്പോൾ വെള്ളത്തിന്റെ അളവ് കൂട്ടുക. എന്നിട്ട് അയൽക്കാർക്കും നൽകുക. (മുസ്ലിം)

**പങ്കുവെച്ച് സ്വർഗം നേടാൻ ഇസ്ലാം പഠിപ്പിക്കുന്നു .**

عَنْ عَدِيِّ بْنِ حَاتِمٍ، قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «اتَّقُوا النَّارَ وَلَوْ بِشِقِّ تَمْرَةٍ، فَإِنْ لَمْ تَجِدْ فَبِكَلِمَةٍ طَيِّبَةٍ»
നബി -ﷺ- പറഞ്ഞു: നരകത്തെ സൂക്ഷിക്കുക; ഒരു ഈത്തപ്പഴ കഷ്ണം കൊണ്ടെങ്കിലും. അതും ഇല്ലാത്തവൻ; നല്ല വാക്കു കൊണ്ടെങ്കിലും (നരകത്തെ സൂക്ഷിക്കട്ടെ). (ബുഖാരി)

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ-: أَنَّ رَسُولَ اللَّهِ -صَلَّى اللَّهُ عَلَيْهِ وَسَلَّمَ- قَالَ:«طَعَامُ الإِثْنَيْنِ كَافِي الثَّلَاثَةِ، وَطَعَامُ الثَّلَاثَةِ كَافِي الأَرْبَعَةِ»
അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "രണ്ടു പേരുടെ ഭക്ഷണം മൂന്ന് പേർക്ക് മതിയായതാണ്. മൂന്നു പേരുടെ ഭക്ഷണം നാലു പേർക്കും മതിയായതാണ്."

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ -ﷺ- قَالَ: «يَا نِسَاءَ الْمُسْلِمَاتِ، لاَ تَحْقِرَنَّ جَارَةٌ لِجَارَتِهَا، وَلَوْ فِرْسِنَ شَاةٍ»
നബി -ﷺ- പറഞ്ഞു: "ഹേ മുസ്‌ലിം സ്ത്രീകളേ! ഒരു അയൽക്കാരി മറ്റൊരു അയൽക്കാരിക്ക് (സമ്മാനമായി നൽകുന്നത് ചെറുതാണെങ്കിലും അതിനെ) നിസ്സാരമാക്കാതിരിക്കട്ടെ. അതൊരു ആടിന്റെ ഇറച്ചി കുറഞ്ഞ എല്ലിൻ കഷ്ണമാണെങ്കിൽ പോലും." (ബുഖാരി)

- **അൻസാറുകൾ പകുത്തു കൊടുത്തു മാതൃക കാണിച്ചവർ**

وَالَّذِينَ تَبَوَّءُوا الدَّارَ وَالْإِيمَانَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِي صُدُورِهِمْ حَاجَةً مِّمَّا أُوتُوا وَيُؤْثِرُونَ عَلَىٰ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِ فَأُولَـٰئِكَ هُمُ الْمُفْلِحُونَ (الحشر-٩)

- **ഇബ്നു ഉമർ (റ) വിന്റെ സംഭവം.**

ഇബ്നു ഉമർ (റ) ഒരു ദരിദ്രനെ കൂടെയിരുത്താതെ ഭക്ഷണം കഴിക്കാറില്ലായിരുന്നു എന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട്. (ബുഖാരി, മുസ്‌ലിം)

❖ **ഭക്ഷണം നൽകുന്നതിന്റെ മഹത്വം.**

- **ഭക്ഷണം നൽകൂ, സ്വർഗം ലഭിക്കും**

മദീനയിൽ വെച്ച് നബി (സ്വ) നടത്തിയ തന്റെ പ്രഥമ പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു.

قالَ عَبْدُ اللَّهِ بْنُ سَلامٍ :لَمّا قَدِمَ رَسُولُ اللَّهِ ﷺ المَدِينَةَ انْجَفَلَ النّاسُ إلَيْهِ، وقِيلَ: قَدِمَ رَسُولُ اللَّهِ ﷺ، قالَ: فَجِئْتُ فِي النّاسِ لِأنْظُرَ إلَيْهِ، قالَ: فَلَمّا رَأيْتُ وجْهَ رَسُولِ اللَّهِ ﷺ إذا وجْهُهُ لَيْسَ بِوَجْهِ كَذّابٍ، قالَ:

فَكانَ أَوَّلَ شَيْءٍ سَمِعْتُهُ يَتَكَلَّمُ بِهِ أَنْ قالَ :يا أَيُّها النّاسُ أَفْشُوا السَّلامَ، وأَطْعِمُوا الطَّعامَ وصِلُوا الأَرْحامَ، وصَلُّوا والنّاسُ نِيامٌ، وادْخُلُوا الجَنَّةَ بِسَلامٍ (ترمدي)

ജങ്ങളേ, നിങ്ങൾ സലാം (അഭിവാദനം) വ്യാപിപ്പിക്കുക. ഭക്ഷണം നൽകുക. കുടുംബ ബന്ധങ്ങൾ ചേർക്കുക. ജനങ്ങൾ ഉറങ്ങുന്ന വേളയിൽ നമസ്കാരം നിർവഹിക്കുക. സുരക്ഷിതരായി നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാം (തുർമുദി).

- **ഇസ്ലാമിലെ ഉത്തമ കർമ്മം ഏതെന്നെ ചോദ്യത്തിന്...**

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، أَنَّ رَجُلًا سَأَلَ النَّبِيَّ ﷺ أَيُّ الأَعْمالِ خَيْرٌ؟ قالَ :أَنْ تُطْعِمَ الطَّعامَ، وتَقْرَأُ السَّلامَ عَلى مَن عَرَفْتَ، ومَن لَمْ تَعْرِفْ (أحمد)

നീ ഭക്ഷണം നൽകുക. അറിയുന്നവനോടും അറിയാത്തവനോടും സലാം പറയുക' എന്നതായിരുന്നു തങ്ങളുടെ മറുപടി.

- **സുഹൈബ് (റ) വിന്റെ ചരിത്രം.**

സുഹൈബ് (റ) ആളുകൾക്ക് ധാരാളമായി ഭക്ഷണം നൽകിയതിനെക്കുറിച്ച് അദ്ദേഹത്തോട് ചോദിക്കപ്പെട്ടപ്പോൾ മറുപടി ഇതായിരുന്നു: നബി (സ) പറയുമായിരുന്നു: നിങ്ങളിൽ ഉത്തമന്മാർ ഭക്ഷണം നൽകുന്നവനാണ്....അതാണെന്നെ ഇവ്വിധം ഭക്ഷണം നൽകാന് പ്രേരിപ്പിക്കുന്നത് (അഹ്മദ്).

- **ഉണ്ടായിട്ടും നൽകാത്തവർക്കെതിരെ മലക്കുകളുടെ പ്രാർത്ഥന**

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ-، أَنَّ النَّبِيَّ -ﷺ- قَالَ: «مَا مِنْ يَوْمٍ يُصْبِحُ العِبَادُ فِيهِ، إِلَّا مَلَكَانِ يَنْزِلاَنِ، فَيَقُولُ أَحَدُهُمَا: اللَّهُمَّ أَعْطِ مُنْفِقًا خَلَفًا، وَيَقُولُ الآخَرُ: اللَّهُمَّ أَعْطِ مُمْسِكًا تَلَفًا»

നബി -ﷺ- പറഞ്ഞു: "എല്ലാ ദിവസവും മനുഷ്യർ നേരം പുലരുമ്പോൾ (ആകാശത്ത് നിന്ന്) രണ്ട് മലക്കുകൾ ഇറങ്ങും. അതിലൊരാൾ പ്രാർഥിക്കും: അല്ലാഹുവേ! ചിലവഴിക്കുന്നവർക്ക് നീ പകരം നൽകേണമേ! രണ്ടാമത്തെയാൾ പ്രാർഥിക്കും: അല്ലാഹുവേ! പിടിച്ചു വെക്കുന്നവന് നീ നഷ്ടം വരുത്തണേ!" (ബുഖാരി, മുസ്‌ലിം)

- **അല്ലാഹു അത്ഭുതപ്പെട്ട സംഭവം.**

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ- أَنَّ رَجُلًا أَتَى النَّبِيَّ -ﷺ- فَبَعَثَ إِلَى نِسَائِهِ فَقُلْنَ: مَا مَعَنَا إِلَّا المَاءُ، فَقَالَ رَسُولُ اللَّهِ -ﷺ-: مَنْ يَضُمُّ أَوْ يُضِيفُ هَذَا»، فَقَالَ رَجُلٌ مِنَ الأَنْصَارِ: أَنَا، فَانْطَلَقَ بِهِ إِلَى امْرَأَتِهِ، فَقَالَ: أَكْرِمِي ضَيْفَ رَسُولِ اللَّهِ -ﷺ-، فَقَالَتْ: مَا عِنْدَنَا إِلَّا قُوتُ صِبْيَانِي، فَقَالَ: هَيِّئِي طَعَامَكِ، وَأَصْبِحِي سِرَاجَكِ، وَنَوِّمِي صِبْيَانَكِ إِذَا أَرَادُوا عَشَاءً، فَهَيَّأَتْ طَعَامَهَا، وَأَصْبَحَتْ سِرَاجَهَا، وَنَوَّمَتْ صِبْيَانَهَا، ثُمَّ

قَامَتْ كَأَنَّهَا تُصْلِحُ سِرَاجَهَا فَأَطْفَأَتْهُ، فَجَعَلاَ يُرِيَانِهِ أَنَّهُمَا يَأْكُلاَنِ، فَبَاتَا طَاوِيَيْنِ، فَلَمَّا أَصْبَحَ غَدَا إِلَى رَسُولِ اللَّهِ -ﷺ- فَقَالَ: «ضَحِكَ اللَّهُ اللَّيْلَةَ، أَوْ عَجِبَ، مِنْ فَعَالِكُمَا»

- **ഭക്ഷണം നൽകിയവർ എന്നിൽ പെട്ടവരാണ്.**

وعن أبي موسى - قالَ: قالَ رسول الله - ﷺ :إنّ الأشْعَرِيِّينَ إذا أرْمَلُوا في الغَزْوِ، أوْ قَلَّ طَعامُ عِيالِهِمْ بالمَدِينَةِ، جَمَعُوا ما كانَ عِنْدَهُمْ في ثَوْبٍ واحِدٍ، ثُمَّ اقْتَسَمُوهُ بَيْنَهُمْ في إناءٍ واحِدٍ بالسَّوِيَّةِ، فَهُمْ مِنِّي وأنا مِنهُمْ». متفقٌ عَلَيْهِ.

"യുദ്ധത്തിൽ അശ്അരികളുടെ ഭക്ഷണം തീർന്നാൽ അല്ലെങ്കിൽ മദീനഃയിൽ അവരുടെ കുടുംബത്തിന്റെ ഭക്ഷണം കമ്മിയായാൽ അവരുടെ അടുക്കലുള്ളതെല്ലാം ഒരു വസ്ത്രത്തിൽ ശേഖരിച്ച് പിന്നീട് ഒരു പാത്രത്തിൽ തന്നെ അവർക്കിടയിൽ തുല്യമായി വീതിക്കും. അവർ എന്നിൽ പെട്ടവരാണ്. ഞാൻ അവരിൽപെട്ടവനം."(ബുഖാരി)

- **നമ്മുടെ ഭക്ഷണത്തിൽ മറ്റുള്ളവരെ കൂടി പങ്കു ചേർക്കുക.**

عَنْ جَابِرٍ - قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «إِنَّ أَحَبَّ الطَّعَامِ إِلَى اللَّهِ مَا كَثُرَتْ عَلَيْهِ الأَيْدِي»

**നബി -ﷺ- പറഞ്ഞു: "അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള ഭക്ഷണം കൂടുതൽ കൈകൾ (പങ്കു ചേർന്നവ) യാണ്." (സ്വഹീഹുത്വർഗീബ്)**

- **എന്തിന് നാം ഭക്ഷണ കാര്യത്തിൽ മറ്റുള്ളവരെ പരിഗണിക്കണം.**

1. **അല്ലാഹുവിന്റെ പ്രീതി ലഭിക്കാൻ...**

وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِ مِسْكِينًا وَيَتِيمًا وَأَسِيرًا ﴿٨﴾ إِنَّمَا نُطْعِمُكُمْ لِوَجْهِ اللَّهِ لَا نُرِيدُ مِنكُمْ جَزَاءً وَلَا شُكُورًا ﴿٩﴾ إِنَّا نَخَافُ مِن رَّبِّنَا يَوْمًا عَبُوسًا قَمْطَرِيرًا ﴿١٠﴾ فَوَقَاهُمُ اللَّهُ شَرَّ ذَٰلِكَ الْيَوْمِ وَلَقَّاهُمْ نَضْرَةً وَسُرُورًا ﴿١١﴾ (الإنسان)

2. **അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യം ചെയ്യാൻ.**

عَنِ ابْنِ عُمَرَ قالَ قِيلَ: يا رَسُولَ اللَّهِ أيُّ العِبادِ أحَبُّ إلى اللَّهِ قالَ: «أنْفَعُ النّاسِ لِلنّاسِ» قِيلَ وما أفْضَلُ الأعْمالِ قالَ: إدْخالُ السُّرُورِ عَلى المُؤْمِنِ قِيلَ وما سُرُورُ المُؤْمِنِ قالَ: «إشْباعُ جَوْعَتِهِ وتَنْفِيسُ كربته وقضا دينه (طبراني)

അല്ലാഹുവിന് അവന്റെ അടിമകളിൽ ആരോട് ഇഷ്ടമെന്ന് നബി (സ്വ) യോട് ചോദിക്കപ്പെട്ടു. നബി (സ്വ) പറഞ്ഞു: ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നവരോട്.

ഏറ്റവും ശ്രേഷ്ഠമായ പ്രവത്തി ഏതാണ് എന്ന് വീണ്ടും ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: വിശ്വാസികളുടെ ഹൃദയത്തിൽസന്തോഷം നിറക്കലാണ്. എന്താണ് സന്തോഷം നിറക്കുക എന്നാൽ? അവിടുന്ന് പറഞ്ഞു: വിശപ്പ് മാറ്റലാണ്, പ്രയാസങ്ങൾ നീക്കലാണ്, കടം വീട്ടി കൊടുക്കലാണ്.

**3. വിശ്വാസിയാവാൻ.**

عَنْ مُحَمَّدِ بْنِ عَلِيٍّ، قالَ: قالَ رَسُولُ اللَّهِ ﷺ: «ما آمَنَ بِي مَن أمْسى وهُوَ شَبْعانُ وجارُهُ جائِعٌ (طبراني)
തന്റെ അയൽവാസി തന്റെ ഓരത്ത് വിശക്കുന്നവനായിരിക്കെ അവനെകുറിച്ച് അറിഞ്ഞുകൊണ്ട് വല്ലവനും വയറുനിറച്ച് അന്തിയുറങ്ങിയാൽ അവൻ എന്നെ വിശ്വസിച്ചവനാവുകയില്ല (ത്വബ്റാനി)

- **ശ്രദ്ധിക്കുക;**
- മഹത്വമേറിയ ഈ നന്മയിൽ പങ്കാളിയാവാൻ ധാരാളം അവസരങ്ങൾ ചുറ്റിലുമുണ്ട്.
- വിശപ്പ് രഹിത വീടുകളെന്ന ആശയത്തിൽ വിസ്ഡം യൂത്ത് ഒരുക്കുന്ന ട്രീറ്റ് എന്ന സംവിധാനത്തെ കൂടുതൽ അറിയുക.

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQonQalrhJaZcA_